പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3972 — 12.12.2018 ൽ മറുപടിയ്ക്ക്

## ചാലക്കുടി മണ്ഡലത്തിലെ സർക്കാർ ആശുപത്രികളിൽ ആർദ്രം പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ബി.ഡി. ദേവസ്സി | | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
| (എ) | ആർദ്രം പദ്ധതിയുടെ ഭാഗമായി ചാലക്കുടി മണ്ഡലത്തിലെ വിവിധ സർക്കാർ ആശുപത്രികളിൽ ഏതെല്ലാം തസ്തികകളും സൗകര്യങ്ങളുമാണ് ഏർപ്പെടുത്തിയിട്ടുള്ളത് വ്യക്തമാക്കാമോ; | (എ) | ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ചാലക്കുടി മണ്ഡലത്തിൽ നിന്നും പരിയാരം പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് തെരഞ്ഞെടുക്കുകയും ഇവിടെ ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ച് നൽകുകയും ലാബ് സേവനം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വെയിറ്റിംഗ് റൂം, ഡ്രസ്-കം-ഇൻജക്ഷൻ റൂം, ആശ്വാസ് ക്ലിനിക് എന്നീ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി ചാലക്കുടി താലൂക്കാശുപത്രിയേയും തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കക്കാട്, കാതിക്കുടം, കൊടകര, വെറ്റിലപ്പാറ, മേലൂർ, നാലുകെട്ട് എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. |
| (ബി) | രാജ്യത്തെ മികച്ച താലൂക്ക് ആശുപത്രിയായി തെരഞ്ഞെടുക്കപ്പെട്ട ചാലക്കുടി താലൂക്ക് ആശുപത്രിയിൽ എന്തെല്ലാം സൗകര്യങ്ങളാണ് അനുവദിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ; | (ബി) | ചാലക്കുടി ആശുപത്രിയിൽ ദിനംപ്രതി 1200 മുതൽ 1500 രോഗികൾ എത്തുകയും 150 ഓളം രോഗികൾക്ക് കിടത്തി ചികിത്സ സൗകര്യവും ഒരുക്കിയിട്ടുണ്ട്. ഡയാലിസിസ് യൂണിറ്റ്, മെഡിസിൻ വിഭാഗം, ഗൈനക്കോളജി വിഭാഗം, ഓർത്തോ പീഡിയാട്രിക്സ്, പീഡിയാട്രിക്, സർജറി, അനസ്തേഷ്യ, ഇ.എൻ.റ്റി., ദന്തൽ സർജറി എന്നീ സ്പെഷ്യാലിറ്റി സർവ്വീസുകളും, 24 മണിക്കൂർ പ്രവർത്തിക്കുന്ന ബ്ലഡ് ബാങ്ക്, ഇ.സി.ജി.എന്നിവയും കൂടാതെ എക്സ്-റേ യൂണിറ്റ്, ക്യാൻസർ നിർണ്ണയ സെന്റർ, മാമോഗ്രാം, ഫിസിയോതെറാപ്പി യൂണിറ്റ് എന്നിവയും മെച്ചപ്പെട്ട ചികിത്സാ സേവനം ലഭ്യമാക്കുന്നതിനായി ഒരുക്കിയിട്ടുണ്ട്. ചാലക്കുടി താലൂക്ക് ആശുപത്രിയ്ക്ക് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് എന്ന നിലവാര സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്. നിലവിലുള്ള സൗകര്യങ്ങളും സേവനങ്ങളും ഗുണമേന്മയുള്ള |

| | | | |
|---|---|---|---|
| | | | നിലവാരം പരിശോധിച്ച് അവ ഉറപ്പു വരുത്തുന്നതിലൂടെയാണ് ടി സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ളത്. ടി സർട്ടിഫിക്കറ്റ് ലഭിക്കുന്നതുവഴി സേവനദാതാക്കൾക്ക് ഗുണനിലവാരം ഉറപ്പാക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് ടി ആശുപത്രിയ്ക്ക് ഒരു ബെഡിന് 10,000/- രൂപ വെച്ച് മൂന്നു വർഷം കേന്ദ്രസഹായം ലഭിക്കുന്നതാണ്. |
| (സി). | ചാലക്കുടി താലൂക്ക് ആശുപത്രിയിൽ പ്രളയത്തെ തുടർന്ന് ഡയാലിസിസ് യൂണിറ്റ്, ഒ.പി. ബ്ലോക്ക് കാരുണ്യ ഫാർമസി, മോർച്ചറി തുടങ്ങിയ മിക്ക വിഭാഗങ്ങളിലും ഉണ്ടായിട്ടുള്ള വലിയ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ? | (സി) | പ്രളയത്തിൽ തകർന്ന 10 ഡയാലിസിസ് യൂണിറ്റുകളിൽ 9 എണ്ണം പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. ഒ.പി.ബ്ലോക്കിന്റെ നവീകരണ പ്രവർത്തനങ്ങൾ എൻ.എച്ച്.എം.മുഖേന നിർമ്മിതി കേന്ദ്രം ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. മോർച്ചറിയിലെ കേടായ ഫ്രീസർ റിപ്പയർ ചെയ്യുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു. ടി ആശുപത്രിയിലെ മോർച്ചറിയിലേയ്ക്ക് 3 ഫ്രീസറുകൾ സംഭാവനയായി ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ